# യേശുവിനെ അല്ലാതെ മറ്റൊന്നും അറിയാതെ

1 കൊരി 2 - 2 ൽ ക്രൂശിക്കപ്പെട്ടവനായ യേശുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണമെന്നു ഞാൻ നിർണ്ണയിച്ചു എന്ന് അപ്പോസ്തലനായ പൗലോസ് കൊരിന്ത്യയിലെ വിശ്വാസികളോടു പറയുന്നു. പൗലോസ് ഗമാലിയേലിന്റെ പാദപീഠത്തിലിരുന്നു പഠിച്ച് ജ്ഞാനം നേടിയ ആളായിരുന്നു എന്നാൽ ഈ ലോകത്തിന്റെ ജ്ഞാനത്തെക്കാൾ ദൈവീക ജ്ഞാനത്തിനും പരിശുദ്ധാത്മശക്തിക്കുമാണ് തന്റെ ശുശ്രൂഷകളിൽ താൻ കൂടുതലായി പ്രാധാന്യം കൊടുത്തത്.

നമ്മുടെ ദൈനംദിന ജീവിതത്തെ ഒന്നു ശോധന ചെയ്യാം. യേശുവിനെ അറിയുവാൻ നാം എത്രസമയം ചിലവഴിക്കുന്നു? അതുപോലെ ലോകത്തു നടക്കുന്ന സംഭവ വികാസങ്ങളെല്ലാം അറിയുവാൻ എത്ര സമയം ചിലവാക്കുന്നു . ലോക സംഭവങ്ങൾക്കു ചെവികൊടുക്കരുത് എന്നു പറയുന്നില്ല, നമുക്കു ചുറ്റും നടക്കുന്ന പ്രധാനപ്പെട്ട വാർത്തകളും മറ്റും നാം അറിയണം. എന്നാൽ അത്യാവശ്യമില്ലാത്ത ചപ്പും കുപ്പയും കാണാനും കേൾക്കാനും അറിയാനും നമ്മുടെ വിലയേറിയ സമയം പാഴാക്കാതെ ദൈവവചനം ധ്യാനിക്കുവാനും പഠിക്കുവാനും നാം സമയം കണ്ടെത്തണം . ജീവന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കു ദൈവ ശക്തിയും ആകുന്നു . നമ്മുടെ കൃപയും ശക്തിയും കുറഞ്ഞു പോകുന്നതു നാം ജീവന്റെ വചനം ഭക്ഷിക്കാത്തതിനാലാണ്.

ജീവിതത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ഓരോ ദിവസവും ഒരൽപ്പസമയമെങ്കിലും ഒന്നു തനിച്ചിരുന്നു ദൈവസാന്നിദ്ധ്യം അനുഭവിക്കാറുണ്ടോ? "എന്റെ പ്രീയന്റെ നിഴലിൽ ഞാൻ അതിമോദത്തോടെ ഇരുന്നു എന്ന് ശൂലേമി പറയുന്നു.'നമ്മടെ അരുമനാഥന്റെ സന്നിധിയിൽ ആ മാറോടുചേർന്ന് അൽപ്പനേരം അതിമോദത്തോടെ ഇരിക്കാൻ കഴിഞ്ഞാൽ അതേറ്റവും ഭാഗ്യവും അനുഗ്രഹവുമാണ്. നാഥനോടു സംസാരിക്കാം, നാഥനിൽനിന്നു പ്രാപിക്കാം . ഈ ലോകത്തിലെ ഒരു സന്തോഷവും അതിനു തുല്ല്യമാകത്തില്ല .

ദൈവമക്കൾ ഭൗതീക ജ്ഞാനം നേടുന്നതോടൊപ്പംതന്നെ ആത്മീക ജ്ഞാനവും വചന പരിജ്ഞാനവും നേടുവാൻ ഉത്സാഹിക്കേണ്ടതാണ് . നമുക്ക് യേശുവിനെ അറിയണം, അവന്റെ പുനരുദ്ധാനത്തിന്റെ ശക്തി അറിയണം, അവന്റെ കഷ്ടാനഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ച് അറിയണം, നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു നാം മനസ്സു പുതുക്കി രൂപാന്തരപ്പെടണം . നാം ദൈവത്തിന്റെ വൃതന്മാരും വിശുദ്ധരും പ്രീയരുമായി മനസ്സലിവ്, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ച് അന്യോന്യം സ്നേഹിക്കുകയും ക്ഷമിക്കുകയും പൊറുക്കുകയും വേണം . മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ ഇരിക്കുന്നു. അതുകൊണ്ട് ഏതു മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തേണ്ടതിന് പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയും നമ്മിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുകയും വേണം . അവകാശമെന്ന പ്രതിഫലം കർത്താവു തരും .

മാറാനാഥാ.